# പതിനാലാം കേരള നിയമസഭ

## എഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -151 — 14.08.2017 ൽ മറുപടിയ്ക്ക്

## ഡേ കെയറുകളിൽ പോലീസ് നിരീക്ഷണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. പി.കെ.ബഷീർ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) ഡേ കെയറുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ ഭാഗമായി ഏതെങ്കിലും ഡേ കെയറുകളിൽ പോലീസ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഡേ കെയറുകളെ നിയന്ത്രിക്കുന്നതിന് പോലീസിന് മറ്റെന്തെല്ലാം അധികാരങ്ങളാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ?

(എ) യും (ബി) യും (സി) യും: ഡേ കെയറുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ നിന്നും ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പോലീസ് ജനമൈത്രി സംവിധാനം ഉപയോഗിച്ച് ഡേ കെയറുകളുടെ പ്രവർത്തനത്തെ നിരീക്ഷിച്ചും, സ്പെഷ്യൽ ബ്രാഞ്ച് സഹായത്തോടെ രഹസ്യനിരീക്ഷണം നടത്തിയും പ്രവർത്തനം വിലയിരുത്തി വരുന്നുണ്ട്. ഡേ കെയറുകളിൽ നിയമ വിരുദ്ധമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ജുവനൈൽ ജസ്റ്റിസ് ആക്ട്, POCSO, IPC തുടങ്ങിയ നിയമങ്ങളിലെ പ്രസക്തമായ വകുപ്പുകൾ പ്രകാരം കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ.